## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2211 — 04.11.2019 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകൾ വഴി ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ

ചോദ്യം
ശ്രീമതി.ഇ.എസ്.ബിജിമോൾ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ സംരംഭകരിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങി സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയിൽ സാധാരണക്കാരന് ലഭ്യമാക്കി വന്നിരുന്ന പദ്ധതി തുടരുമോ; | (എ) | ചെറുകിട വ്യവസായ സംരംഭകരിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങി സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞവിലയിൽ സാധാരണക്കാരന് ലഭ്യമാക്കുന്ന പദ്ധതി തുടർന്നു വരുന്നു. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി ഉല്പന്നങ്ങളുടെ ഗുണമേന്മയും ഏകീകൃത വിലയും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കി ഉല്പന്നങ്ങളുടെ ഗുണമേന്മയും ഏകീകൃത വിലയും ഉറപ്പുവരുത്താൻ കമ്പനികളെ LLC (Locally Listed Company) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, ഹെഡ് ഓഫീസ് തലത്തിൽ വില നിശ്ചയിക്കുകയും ഉൽപ്പന്നങ്ങൾ CFRD (Council for Food Research & Development) ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ